"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.നിപുൻ. സി.എ ഫയൽ ചെയ്ത ഒഎ 999/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 01-08-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3069/2023/H&FWD തീയതി,തിരുവനന്തപുരം, 21-11-2023

പരാമർശം:-

1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.നിപുൻ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.നിപുൻ. സി.എ ഫയൽ ചെയ്ത ഒഎ 999/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 01-08-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2 0 2 3 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, കോഴിക്കോട് ജില്ലയിലെ നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് ഡെന്റൽ സർജനായിരിക്കേ 2023 വർഷത്തെ അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഡോ.നിപുൻ .സി.എ യെ വയനാട് ജില്ലയിലെ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.നിപുൻ. സി.എ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 999 /2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാരിനോട് ടിയാന്റെ അപ്പീൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് പരാമർശം (1), (2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനെ നേരിൽ കേൾക്കുകയും അപേക്ഷകന്റെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോനിപുൻ. സി.എ അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന സ്റ്റേഷനുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത്

9106388

GOVERNMENT OF KERALA

പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണ്. ആയതിനാൽ ടിയാന്റെ അപ്പീലിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും നിരാകരിക്കാവുന്നതാണെന്നും കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

( 3 ) മേൽപ്പറഞ്ഞ സാഹചര്യത്തിൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ടും ഡോ.നിപുൻ .സി.എ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരാകരിച്ചുകൊണ്ടും പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം ( 4 ) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ ,കേരള, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (കോഴിക്കോട് /വയനാട് )
ഡോ.നിപുൻ .സി.എ , അസിസ്റ്റന്റ് ഡന്റൽ സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം,
നരിക്കുനി , കോഴിക്കോട്
ഡോ.ദീപ.കെ , അസിസ്റ്റന്റ് ഡന്റൽ സർജൻ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.വിപിൻ ഭാസ്ക്കർ.കെ, അസിസ്റ്റന്റ് ഡന്റൽ സർജൻ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ഡോ.രഞ്ജിത്ത് .കെ.പി അസിസ്റ്റന്റ് ഡന്റൽ സർജൻ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.അരുൺ ആർ അസിസ്റ്റന്റ് ഡന്റൽ സർജൻ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
Date: 21-11-2023 16:12:22
സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-11996/2023/ആ.വ.ഡ തീയതി 22/11/2023**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.**

**ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി**